# ദന്തരോഗങ്ങൾ

## (പ്രശ്നങ്ങളും പ്രതിവിധികളും-34)

Dr. Vinod Mathew Mulamoottil

### 34.പല്ലുകൾക്കിടയിലെ വിടവുകൾ



.എനിക്ക് നാൽപത്തിയഞ്ചു വയസ്സ് ഉണ്ട്. എന്റെ മുൻ നിരയിലെ പല്ലുകൾക്കിടയിൽ വിടവുകൾ ഉണ്ട്. കഴിഞ്ഞ ഒരു വർഷമായി ഈ വിടവുകൾ കൂടി വരുന്നു. കാഴ്ചയ്ക്ക് വളരെ അഭംഗി തോന്നിക്കുന്നു. ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ ചികിൽസ നിർദ്ദേശിക്കുമോ.

ശശികല രാജേഷ്, കുറ്റൂർ

പല്ലുകൾക്കിടയിലെ വിടവുകൾ കാഴ്ചയ്ക്കും, ചിരിയ്ക്കും ഭംഗിയില്ലാതെ ആകുന്നു. മുൻ പല്ലുകൾക്കിടയിൽ വിടവുകൾ ഉണ്ടാകുവാനുള്ള കാരണങ്ങൾ.

1. മോണരോഗങ്ങൾ മൂലം
2. പുറകിൽ അണപ്പല്ല് എടുത്തു കളഞ്ഞിട്ടു വയ്ക്കാത്ത വിടവുകൾ മൂലം
3. ഉറങ്ങുമ്പോൾ വായ തുറന്നു കിടക്കുന്നതു മൂലം.
4. നാക്കു തള്ളുന്ന സ്വഭാവം മൂലം.
5. പോടുകൾ തേയ്മാനം ഇവ കാരണം.

ഈ കാരണങ്ങളാൽ ഉണ്ടാക്കുന്ന വിടവുകൾ മോണക്ക് ഉറപ്പ് ഉണ്ടെങ്കിൽ പൂർണ്ണമായും ചികിൽസിച്ച് നല്ല ഭംഗിയുള്ളതാക്കുവാൻ സാധിക്കുന്നതാണ്.

ചികിൽസകൾ

- മോണരോഗമുണ്ടെങ്കിൽ ആദ്യ ഘട്ടത്തിൽ ഫ്ളാപ്പ് സർജറി നടത്തുകയും, ആവശ്യമെങ്കിൽ ബോൺ ഗ്രാഫ്റ്റിംഗ് നടത്തി, റൂട്ട് കനാൽ ചികിൽസയും നടത്തി ബലവും ഉറപ്പും തിരികെ കൊണ്ടുവരുന്നു.

- പുറകിലെ അണപ്പുല്ലുകൾ എടുത്തു കളഞ്ഞ വിടവുകൾ ക്രിത്രിമപ്പല്ലുകൾ വച്ച് ചികിൽസിക്കുകയും മുൻ നിരയിലെ പല്ലുകൾ കമ്പിയിട്ട് ചികിൽസിക്കുകയോ ക്രൗൺ ആന്റ് ബ്രിഡ്ജ് ചികിൽസ നടത്തുകയോ ചെയ്യുന്നു.

- പോടുകളും തേയ്മാനവും കാരണമുള്ള വിടവുകൾ കോമ്പസിറ്റ് ഫില്ലിംഗ്, വെനിറിംഗ് വഴി പൂർണ്ണമായും അടച്ച് ഭംഗിയാക്കുവാൻ സാധിക്കും.

- ഉറങ്ങുമ്പോൾ വായ തുറന്നു കിടക്കുന്ന സ്വഭാവം, നാക്കു തള്ളുന്ന സ്വഭാവം ഇവ മാറ്റുവാനുള്ള ചികിൽസ നടത്തുകയും - ഇതിനോടൊപ്പമോ ശേഷമോ കമ്പിയിടുന്ന ചികിൽസ നടത്തുകയും ചെയ്യുന്നത് ഫലപ്രദമാണ്.

മുഖത്തിന്റെ ഭംഗിയുടെ നല്ല ഒരു ശതമാനം നില നിൽക്കുന്നത് ചുണ്ടുകളും പല്ലുകളും ചേർന്ന ഭാഗത്തിലാണ്. മുൻ നിരയിലെ പല്ലുകൾക്ക് രൂപത്തിലും ഭാവത്തിലും ഉണ്ടാക്കാൻ പറ്റുന്ന മാറ്റങ്ങൾ മുഖത്തിന് അനുയോജ്യമായ രീതിയിലുള്ള ചിരിയെ രൂപപ്പെടുത്തിയെടുക്കുവാൻ സഹായിക്കുന്നു.

.കമ്പിയിടുന്ന ചികിൽസാവഴി നിരതെറ്റിയ പല്ലുകളെ നിരയിൽ എത്തിക്കുമ്പോൾ - ക്രൗൺ ആന്റ് ബ്രിഡ്ജ്, വെനീർ എന്നീ ചകിൽസകൾ പല്ലിന്റെ ഓരോന്നിന്റെയും രൂപത്തെ സുവർണ്ണ അനുപാതത്തിൽ ആക്കുവാൻ സഹായിക്കുന്നു. മുൻനിരയിലെ പല്ലുകൾ ക്രൗൺ ചെയ്യുമ്പോൾ, മെറ്റൽ ഫ്രീ സെറാമിക്, സിർക്കോണിയം പ്രൊസിറാ ഇത്തരത്തിലുള്ള മെറ്റീരിയൽ ഉപയോഗിച്ച് ചെയ്യുവാൻ ശ്രദ്ധിക്കുക. ചിലവ് കൂടുതൽ ആണെങ്കിലും ഈടും ഭംഗിയും കൂടുതൽ നാൾ നിലനിൽക്കുവാൻ ഇത്തരത്തിലുള്ള മെറ്റീരിയലകൾ തന്നെയാണ് നല്ലത്.

ദന്തഡോക്ടറുടെ നിർദ്ദേശപ്രകാരം കമ്പിയിടുന്ന ചികിൽസയോ ക്രൗൺ ആന്റ് ബ്രിഡ്ജ് സെറാമിക് വെനിനിംഗോ ചെയ്യാവുന്നതാണ്. പേഷ്യന്റിന്റെ ദന്ത ,മോണ ആരോഗ്യം, സമയം, സാമ്പത്തികം ഇവ കണക്കിലെടുത്താണ് ഉത്തമാമായ ചികിൽസ തിരഞ്ഞെടുക്കുക:

കൃത്യമായ ചികിൽസയിലൂടെ മുഖത്തിന്റെ ഭംഗി നിലനിർത്തുവാനും, രൂപഭംഗിയുണ്ടാക്കുവാനും സാധിക്കുന്നു.

ശശികലയുടെ പ്രായമല്ല മോണയുടെയും പല്ലുകളുടെയും ആരോഗ്യമാണ് ആദ്യം കണക്കിലെടുക്കുക. ഇത് ക്ലിനിക്കൽ പരിശോധന, എക്സ്റേ, ഒ. പി. ജി., മോഡൽ, ഫോട്ടോഗ്രാഫ്, എന്നിവയിലൂടെ അവലോകനം ചെയ്തപ്പോൾ കമ്പിയിടുന്ന ചികിൽസയ്ക്കും, ക്രൗൺ ആന്റ് ബ്രിഡ്ജ് ചികിൽസയ്ക്കും അനുയോജ്യമാണ് എന്ന് കാണുവാൻ സാധിച്ചു. അമിതമായി പൊന്തിനിന്നിരുന്ന പല്ലുകൾ റൂട്ട് കനാൽ ചികിൽസ ചെയ്ത് ക്യാപ്പുകൾ ചെയ്യുകയും ചെയ്തപ്പോൾ മുഖത്തിന്റെ ഭംഗി ഏറ്റവും കൂടുതൽ ആക്കുവാൻ സാധിച്ചു. വിദേശത്തു ജോലി ചെയ്യുന്നതിനാൽ കമ്പിയിടുന്ന ചികിൽസയ്ക്ക് സമയമില്ല എന്നതിനാലാണ് ഈ ചികിൽസ ചെയ്യുവാൻ തീരുമാനിച്ചത്. മൂന്നാഴ്ചയിൽ നാല് പ്രാവശ്യമായി ഓരോ മണിക്കൂർ ചികിൽസ കൊണ്ട് നല്ല ഒരു ചിരി സ്വന്തമാക്കുവാൻ ശശികലയ്ക്ക് സാധിച്ചു.

ഈ രൂപകൽപ്പന ശശികലയ്ക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുവാൻ സഹായകമായി.

(തുടരും.......)

---

## Dr. Vinod Mathew Mulamoottil

**(Lecturer: Pushpagiri College Of Dental Sciences)**
**Mulamoottil Dental Clinic**
**Police Quarters Road**
**Near DYSP Office**
**Tiruvalla.689101**
**919447219903**
**914692603552**
**drvinod@dentalmulamoottil.com**
**www.dentalmulamoottil.com**